# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 12.05.2025** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1. പാകിസ്ഥാന്റെ ഏത് ആക്രമണ ശ്രമങ്ങൾക്കും തക്ക മറുപടി നൽകുമെന്ന് മിലിട്ടറി ഓപ്പറേഷൻസ് ഡയറക്ടർ ജനറൽ ലെഫ്റ്റനന്റ് ജനറൽ രാജീവ് ഘായ്: വെടിനിർത്തൽ കരാർ സംബന്ധിച്ച് ഇന്ന് പാകിസ്ഥാൻ ഡി.ജി.എം.ഒ യുമായി ചർച്ച.

   **India Will Respond Firmly to Any Pakistani Aggression, Says DGMO Lt. Gen. Rajeev Ghai; Ceasefire Talks with Pakistani DGMO Scheduled for Today.**

2. ഓപ്പറേഷൻ സിന്ദൂറിൽ 100-ലധികം ഭീകരരെ വധിച്ചതായി സൈന്യം; ഭീകര കേന്ദ്രങ്ങൾ മാത്രമാണ് ഇന്ത്യ ലക്ഷ്യമിട്ടതെന്നും ഡി.ജി.എം.ഒ.

   **Over 100 Terrorists Eliminated in Operation Sindoor, Says Army; Only Terror Camps Targeted, Clarifies DGMO.**

3. സൈനിക കമാൻഡർമാരുമായി സുരക്ഷാ സാഹചര്യം അവലോകനം ചെയ്ത് കരസേനാ മേധാവി ഉപേന്ദ്ര ദ്വിവേദി; പാകിസ്ഥാൻ വെടിനിർത്തൽ കരാർ ലംഘിച്ചാൽ പ്രതിരോധിക്കാൻ സൈന്യത്തിന് പൂർണ അധികാരം.

   **Army Chief Upendra Dwivedi Reviews Security Situation with Military Commanders; Forces Fully Empowered to Respond to Any Ceasefire Violations by Pakistan.**

4. ഇന്ന് അന്താരാഷ്ട്ര നഴ്സസ് ദിനം. കേരളത്തിൽ ദിനാഘോഷം മന്ത്രി വീണ ജോർജ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

**Today is International Nurses Day; Celebrations in Kerala to be Inaugurated by Minister Veena George in Thiruvananthapuram.**

5. ഗസയിലെ സമാധാന ശ്രമങ്ങളുടെ ഭാഗമായി അവസാനത്തെ അമേരിക്കൻ ബന്ദിയായ ഏദാൻ അലക്സാണ്ടറെ മോചിപ്പിക്കുമെന്ന് ഹമാസ്.

**Hamas to Release Edan Alexander, the Last American Hostage in Gaza, as Part of Peace Efforts**

6. ചൈനയുമായി വ്യാപാര കരാർ പ്രഖ്യാപിച്ച് അമേരിക്ക. ജനീവയിൽ നടന്ന ചർച്ചയിൽ ധാരണ.

**U.S. Announces Trade Agreement with China Following Talks in Geneva.**

**&&&&&&&&&&&&&&&**

## DGMO BRIEFING ( INTRO )

ഓപ്പറേഷൻ സിന്ദൂറിന്റെ ഭാഗമായി പാകിസ്ഥാനിലെയും പാക് അധീന കശ്മീരിലെയും ഒൻപത് ഭീകര കേന്ദ്രങ്ങളിൽ നടത്തിയ ആക്രമണങ്ങളിൽ നൂറിലധികം ഭീകരരെ വധിച്ചതായി ഇന്ത്യൻ സൈന്യത്തിന്റെ മിലിട്ടറി ഓപ്പറേഷൻസ് ഡയറക്ടർ ജനറൽ ലെഫ്റ്റനന്റ് ജനറൽ രാജീവ് ഘായ്. ഭീകരതയ്ക്ക് നേതൃത്വം നൽകുന്നവർക്കും ആക്രമണങ്ങൾ ആസൂത്രണം ചെയ്യുവർക്കും തക്കതായ ശിക്ഷ നടപ്പാക്കാനും ഭീകര അടിസ്ഥാന സൗകര്യങ്ങൾ നശിപ്പിക്കാനുമാണ് സൈന്യം ലക്ഷ്യമിട്ടതെന്ന് DGMO ഇന്നലെ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. അതിർത്തിയിലെ വെടിനിർത്തൽ ധാരണ സംബന്ധിച്ച് ഇന്ന് പാകിസ്ഥാനുമായി ഇന്ത്യ ചർച്ച നടത്തും. പാകിസ്ഥാൻ ഏതെങ്കിലും തരത്തിലുള്ള ലംഘനം നടത്തിയാൽ ശക്തമായി തിരിച്ചടിക്കാൻ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി സൈനിക കമാൻഡർമാർക്ക്

പൂർണ്ണ അധികാരം നൽകിയിട്ടുണ്ടെന്നും ഡി.ജി.എം.ഒ വ്യക്തമാക്കി.

( വോയിസ്.... )

**&&&&&&&&&&&&&&**

## AK BHARATHI ( INTRO )

പാകിസ്ഥാൻ വിമാനങ്ങൾ അതിർത്തിക്കുള്ളിൽ പ്രവേശിക്കുന്നത് ഇന്ത്യൻ സൈന്യം തടഞ്ഞതായി വ്യോമസേനാ ഡയറക്ടർ ജനറൽ എയർ മാർഷൽ എ.കെ.ഭാരതി. ബഹാവൽപൂരിലെയും മുറിദ്കെയിലെയും കുപ്രസിദ്ധ തീവ്രവാദ പരിശീലന ക്യാമ്പുകളാണ് ഇന്ത്യൻ വ്യോമസേന ലക്ഷ്യമിട്ടതെന്ന് അദ്ദേഹം പറഞ്ഞു. അതേസമയം, മെയ് 7 ന് വൈകുന്നേരം, ജനവാസ മേഖലയും സൈനിക കേന്ദ്രങ്ങളും ലക്ഷ്യം വച്ച് പറന്ന പാകിസ്ഥാൻ ഡ്രോണുകൾ വിജയകരമായി തടഞ്ഞതായും എയർ മാർഷൽ എ.കെ.ഭാരതി വ്യക്തമാക്കി.

( വോയിസ്.... )

**&&&&&&&&&&&&&&**

## INDIAN ARMY

അതിർത്തി മേഖലയിൽ കനത്ത ജാഗ്രത തുടർന്ന് സൈന്യം. ആക്രമണശ്രമങ്ങളുടെ പശ്ചാത്തലത്തിൽ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി സുരക്ഷാ സാഹചര്യം അവലോകനം ചെയ്തു. വെടിനിർത്തൽ ലംഘനം നേരിടാൻ കരസേനാ കമാൻഡർമാർക്ക് പൂർണ്ണ അധികാരം നൽകിയിട്ടുണ്ടെന്ന്

ഇന്ത്യൻ സൈന്യം അറിയിച്ചു.

**&&&&&&&&&&&&&&**

## AN PRAMOD -NAVY ( INTRO)

വടക്കൻ അറബിക്കടലിൽ നിർണ്ണായക സ്ഥാനങ്ങളിൽ വിന്യസിച്ചിരിക്കുന്ന നാവിക സേന ഏതു ആക്രമണങ്ങളെയും പ്രതിരോധിക്കാൻ സജ്ജമാണെന്ന് നാവിക ഓപ്പറേഷൻസ് ഡയറക്ടർ ജനറൽ വൈസ് അഡ്മിറൽ എ എൻ പ്രമോദ്. തുറമുഖങ്ങളും തീരമേഖലയും നാവികസേനയുടെ ശക്തമായ നിരീക്ഷണത്തിലാണെന്നും അദ്ദേഹം ഇന്നലെ വാർത്താസമ്മേളനത്തിൽ പറഞ്ഞു.
( വോയിസ്...)

&&&&&&&&&&&&&&

## RAJNATH-BRAHMOS

ഭീകരവാദത്തിനെതിരായ രാജ്യത്തിന്റെ പ്രതിബദ്ധതയുടെയും സൈനികശക്തിയുടെയും പ്രതീകമാണ് ഓപ്പറേഷൻ സിന്ദൂറെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്. ലഖ്നൗവിൽ ബ്രഹ്മോസ് എയ്റോസ്പേസ് സംയോജിത-പരിശോധനാ കേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭീകരവാദത്തിനെതിരെ രാജ്യം സ്വീകരിക്കുന്ന നിലപാടുകൾ എല്ലാ കാലത്തും ലോകം തിരിച്ചറിഞ്ഞിട്ടുണ്ടെന്നും രാജ്യരക്ഷാമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&

## NDMA- ADVISORY

അജ്ഞാതമായ സ്ഫോടകവസ്തുക്കൾ കണ്ടാൽ ജാഗ്രതപാലിക്കണമെന്ന് ദേശീയ ദുരന്ത നിവാരണ അതോറിറ്റി ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി. എന്തെങ്കിലും അജ്ഞാത വസ്തുക്കൾ കണ്ടാൽ ഉടൻ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കണമെന്നും എൻ.ഡി.എം.എ നിർദേശിച്ചു.

&&&&&&&&&&&&&&

## CONGRESS- LETTER TO PM

ഇന്ത്യ - പാക് സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ പാർലമെന്റിന്റെ പ്രത്യേക സമ്മേളനം ഉടൻ വിളിക്കണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് എം.പിയും ലോക്സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി. പഹൽഗാം ഭീകരാക്രമണം, ഓപ്പറേഷൻ സിന്ദൂർ, വെടിനിർത്തൽ തുടങ്ങിയവ പാർലമെന്റ് ചർച്ച ചെയ്യണമെന്നുള്ള പ്രതിപക്ഷത്തിന്റെ അഭ്യർത്ഥന, പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് അയച്ച കത്തിൽ ശ്രീ രാഹുൽ ഗാന്ധി അറിയിച്ചു.

&&&&&&&&&&&&&&

## DELHI AIRPORT ADVISORY

ഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം സാധാരണ നിലയിലായതായി വിമാനത്താവള അധികൃതർ അറിയിച്ചു. എന്നാൽ വ്യോമാതിർത്തിയുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സുരക്ഷാ നടപടികൾ ശക്തമായി തുടരും. ചില വിമാനങ്ങളുടെ സമയക്രമങ്ങളെ ഇത് ബാധിച്ചേക്കാമെന്നും DIAL പ്രസ്താവനയിൽ പറഞ്ഞു. കൃത്യമായ വിവരങ്ങൾക്ക് ഔദ്യോഗിക അറിയിപ്പുകളെ മാത്രം ആശ്രയിക്കാനും നിർദ്ദേശിച്ചു.

&&&&&&&&&&&&&&

## BUDDHA PURNIMA- PRESIDENT, VP

ഇന്ന് ബുദ്ധപൂർണ്ണിമ. ഗൗതമ ബുദ്ധന്റെ ജനനത്തിന്റെയും, ബോധ്ഗയയിൽ അദ്ദേഹം നിർവാണം പ്രാപിച്ച ദിവസത്തിന്റെയും സ്മരണയ്ക്കാണ് വിശ്വാസികൾ ബുദ്ധപൂർണിമ ആഘോഷിക്കുന്നത്. ബുദ്ധപൂർണിമ ദിനത്തിൽ രാഷ്ട്രപതി

ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ തുടങ്ങിയവർ ആശംസകൾ നേർന്നു.

**&&&&&&&&&&&&&&**

## INTERNATIONAL NURSE DAY

ഇന്ന് അന്താരാഷ്ട്ര നഴ്സസ് ദിനം. ആധുനിക നഴ്സിംഗിന്റെ സ്ഥാപകയായ ഫ്ലോറൻസ് നൈറ്റിംഗേലിന്റെ ജന്മദിനമാണ് ലോകമെമ്പാടും നഴ്സസ് ദിനമായി ആചരിക്കുന്നത്. "നമ്മുടെ നഴ്സുമാർ നമ്മുടെ ഭാവി, നഴ്സുമാരുടെ ക്ഷേമം ഉറപ്പാക്കി സമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്താം" എന്നതാണ് ദിനാചരണത്തിന്റെ ഈ വർഷത്തെ പ്രമേയം.

**&&&&&&&&&&&&&&**

## NURSE DAY – HEALTH MINISTER

സംസ്ഥാന നഴ്സസ് ദിനാഘോഷം മന്ത്രി വീണ ജോർജ് ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. നഴ്സുമാർക്കുള്ള സംസ്ഥാനതല **സിസ്റ്റർ ലിനി പുതുശ്ശേരി** അവാർഡ് ആരോഗ്യ മന്ത്രി പ്രഖ്യാപിച്ചു. ജനറൽ നഴ്സിംഗ് വിഭാഗത്തിൽ സംസ്ഥാനതല പുരസ്കാരം ഇടുക്കി ജില്ലാ ആശുപത്രി നഴ്സിംഗ് ഓഫീസർ അരുൺകുമാർ പിഎം, പബ്ലിക് ഹെൽത്ത് നഴ്സിംഗ് വിഭാഗത്തിലെ സംസ്ഥാനതല പുരസ്കാരം ഇടുക്കി വാളറ ദേവിയാർ കുടുംബാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ജി. ജോൺ എന്നിവർക്ക് ലഭിച്ചു.

**&&&&&&&&&&&&&&**

## HAMAS HOSTAGE RELEASE

ഗസയിലെ സമാധാന ശ്രമങ്ങളുടെ ഭാഗമായി അവസാനത്തെ അമേരിക്കൻ ബന്ദിയായ ഏദാൻ അലക്സാണ്ടറെ മോചിപ്പിക്കുമെന്ന് ഹമാസ് പ്രഖ്യാപിച്ചു. വെടിനിർത്തൽ

കരാറിലെത്താനും ഗസയിലേക്ക് മാനുഷിക സഹായം എത്തിക്കാനുമുള്ള ശ്രമങ്ങളുടെ ഭാഗമാണ് നടപടിയെന്ന് ഹമാസ് പറഞ്ഞു. ഹമാസിന്റെ നീക്കം സംബന്ധിച്ച് അമേരിക്ക ഇസ്രായേലിനെ അറിയിച്ചിട്ടുണ്ട്.

**&&&&&&&&&&&&&&**

## US CHINA TRADE DEAL

ചൈനയുമായി വ്യാപാര കരാർ പ്രഖ്യാപിച്ച് അമേരിക്ക. സ്വിറ്റ്സർലൻഡിലെ ജനീവയിൽ നടന്ന ചർച്ചയെ തുടർന്ന് ഇന്നലെ രാത്രിയാണ് ഇരുരാജ്യങ്ങളും ധാരണയിലെത്തിയത്. ചൈനയുമായുള്ള ചർച്ചകൾ വളരെ ഫലപ്രദമായിരുന്നുവെന്നും കരാറിന്റെ വിശദാംശങ്ങൾ ഇന്ന് പങ്കുവെക്കുമെന്നും വൈറ്റ് ഹൗസ് പ്രസ്താവനയിൽ അറിയിച്ചു.

**&&&&&&&&&&&&&&**

## UKRAIN–RUSSIA

തുർക്കിയിലെ ഇസ്താംബുളിൽ ഈ മാസം 15 ന് നേരിട്ടുള്ള സമാധാന ചർച്ചയ്ക്ക് റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിന്റെ ക്ഷണം സ്വീകരിച്ച് യുക്രെൻ പ്രസിഡന്റ് വൊളോദിമിർ സെലൻസ്കി. വെടിനിർത്തൽ കരാറിന് രൂപംനൽകാൻ ബ്രിട്ടൻ, ഫ്രാൻസ്, ജർമനി, പോളണ്ട് രാഷ്ട്രത്തലവന്മാർ ശനിയാഴ്ച യുക്രെനിൽ എത്തിയിരുന്നു.

**&&&&&&&&&&&&&&**

## CHHATTISGARH – ACCIDENT

ഛത്തീസ്ഗഢ് തലസ്ഥാനമായ റായ്പൂരിന് സമീപം ഇന്നലെ രാത്രിയുണ്ടായ വാഹനാപകടത്തിൽ 13 പേർ മരിച്ചു. 13 ലധികം പേർക്ക് പരിക്കേറ്റു. ഒരു ആഘോഷപരിപാടിയിൽ പങ്കെടുത്ത് മടങ്ങിയ 40 അംഗ സംഘമാണ് അപകടത്തിൽപെട്ടത്.

&&&&&&&&&&&&&&

## WOMENS CRICKET

വനിത ത്രിരാഷ്ട്ര ഏകദിന ക്രിക്കറ്റ് കിരീടം ഇന്ത്യക്ക്. കൊളംബോയിൽ നടന്ന ഫൈനലിൽ ശ്രീലങ്കയെ 97 റൺസിന് പരാജയപ്പെടുത്തി. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ, 7 വിക്കറ്റിന് 342 റൺസ് നേടി. മറുപടി ബാറ്റിങ്ങിൽ ശ്രീലങ്ക 49-ാം ഓവറിൽ 245 റൺസിന് എല്ലാവരും പുറത്തായി.

&&&&&&&&&&&&&&

## KHELO INDIA

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ 27 സ്വർണ്ണവും 22 വെള്ളിയും ഉൾപ്പെടെ 74 മെഡലുകളുമായി മഹാരാഷ്ട്ര പോയിന്റ് പട്ടികയിൽ ഒന്നാം സ്ഥാനത്ത് തുടരുന്നു. 14 സ്വർണവും 19 വെള്ളിയും ഉൾപ്പെടെ 39 മെഡലുകളുമായി കർണാടക രണ്ടാമതും 23 മെഡലുകളുമായി രാജസ്ഥാൻ മൂന്നാം സ്ഥാനത്തുമാണ്.

&&&&&&&&&&&&&&

## ARCHERY WORLD CUP

ചൈനയിലെ ഷാങ്ഹായിൽ നടന്ന അമ്പെയ്ത്ത് ലോകകപ്പ് സ്റ്റേജ് 2 ൽ, രണ്ട് സ്വർണവും ഒരു വെള്ളിയും നാല് വെങ്കലവും ഉൾപ്പെടെ ഏഴ് മെഡലുകൾ നേടി ഇന്ത്യ. ലോകകപ്പിന്റെ മൂന്നാം ഘട്ടം അടുത്ത മാസം 3 മുതൽ 8 വരെ അന്റാലിയയിൽ നടക്കും.

&&&&&&&&&&&&&&

## JAISHANKAR – EGYPT

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഈജിപ്ത് വിദേശ മന്ത്രി ബദർ അബ്ദേലട്ടിയുമായി ടെലിഫോൺ സംഭാഷണം നടത്തി. സമീപകാല സംഭവവികാസങ്ങളെക്കുറിച്ച് അറിയിച്ചതായും എല്ലാ

വിധ ഭീകരതയോടും സഹിഷ്ണുതയില്ലാത്ത നിലപാട് സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞതായി ശ്രീ ജയ്ശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു..

&&&&&&&&&&&&&&

## NASA ISRO SATELLITE

കാലാവസ്ഥ സംബന്ധിച്ച പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള നാസ-ഐഎസ്ആർഒ റഡാർ ഉപഗ്രഹങ്ങൾ അടുത്ത മാസം വിക്ഷേപിക്കുമെന്ന് ഐഎസ്ആർഒ ചെയർമാൻ ഡോ. വി. നാരായണൻ. ഇംഫാൽ കേന്ദ്ര കാർഷിക സർവകലാശാലയുടെ ബിരുദദാനച്ചടങ്ങിലായിരുന്നു അദ്ദേഹത്തിന്റെ പരാമർശം. ഉപഗ്രഹത്തിൽനിന്നു ലഭിക്കുന്ന വിവരങ്ങൾ ജി-20 രാജ്യങ്ങളുമായി പങ്കുവയ്ക്കുമെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&
&&&&